MR. PANDAVATHU SANKARA PILLAI (*Karthikapalli III—General*) : ഈ ഒരു രൂപാ ബോണസായിരിക്കുന്നതുകൊണ്ട് നെല്ലുവിലയായ ഒന്നര രൂപാ മാത്രമെ നെല്ലിനു പകരം കരമായി ഇടാക്കുവാൻ പാടുള്ളൂ എന്നു വ്യവസ്ഥ ചെയ്യുമോ ?

HON'BLE MR. V. O. MARKOS : അതേപ്പറ്റി ആലോചിക്കാം.

MR. P. NANOO : രണ്ടര രൂപാവച്ചു കരം പിരിക്കുന്നതു് കുടിയാനു വന്മാക്കു ഒരു ഭാരമാണെന്നറിയാമോ ?

HON'BLE MR. V. O. MARKOS : അറിയാം. അതിനെക്കുറിച്ചു ആലോചിക്കുന്നുണ്ട്.

* *Fruit Farm at Vattavadai.*

* 549. DR. M. O. CHERIYAN (*Devicolam—General*): Will the Hon'ble Minister for Agriculture be pleased to state when was the Fruit Farm at Vattavadai in Devicolam taluk started?

HON'BLE MR. V. O. MARKOS: In the month of Meenom 1121.

കായിക്കര-വക്കലറോഡ്.

* 550. MR. MANKUZHI M. MADHAVAN (*Chirayinkil III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

ചിറയിൻകീഴതാലൂക്കിൽ കായിക്കര-വക്കലറോഡിൽ വക്കല തോടിനു കുറുകെ നെടുങ്ങണ്ട വാഹനഗതാഗതയോഗ്യമായ ഒരു പാലം കെട്ടിക്കുന്നതിനെസംബന്ധിച്ചു് നിവേദനം കിട്ടിയതനുസരിച്ചു് ബഹു മാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ആ സ്ഥലം പരിശോധനനടത്താൻ മന്ത്രി പോയതായിട്ടു രേഖയില്ല. എന്നാൽ നിവേദനം ഫോർ കന്നി ഓണം മന്ത്രി മി. അച്യുതനെ ഏല്പിച്ചതായിട്ടും അതനുസരിച്ചു നടപടി നടത്തുന്നതിനായിട്ടു ഏർപ്പാടു ചെയ്തതായും അറിയാം.

MR. MANKUZHI M. MADHAVAN : അതനുസരിച്ചു എന്തു നടപടി നടത്തിയെന്നറിയാമോ ?

HON'BLE MR. K. R. ELANKATH : ചീഫ് എഞ്ചിനീയരെക്കൊണ്ടു്, സ്ഥലം പരിശോധന നടത്തി എസ്റ്റിമേറു് തയാറാക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

MR. P. NAVOO : ഈ സ്ഥലം പരിശോധന ഇപ്പോഴത്തെ മന്ത്രി നടത്തുമോ ?

* This question was not asked by the member.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അപ്രകാരം ചെയ്യാമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

ഉപരിപഠനം.

* 551 MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഉപരിപഠനത്തിനായി ഈ വർഷം വിദേശങ്ങളിലേക്കയക്കപ്പെട്ടവർ എത്രയെന്നു പറയുമോ ?

(ബി) ഈ ഇനത്തിൽ ആകെ എന്തു ചെലവു വരുമെന്നു പറയുമോ ?

HON'BLE MR. T. K. NARAYANA PILLAI : (എ) ആയിരത്തിതൊള്ളായിരത്തിനാല്പത്തൊൻപതിൽ വിദേശങ്ങളിലേക്ക് ഉപരിപഠനത്തിനായി ആരെയും അയച്ചിട്ടില്ല.

(ബി) എ-യുടെ ചോദ്യത്തിന്റെ ഉത്തരത്തിൽനിന്നും ബി ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : ഫെർവ്-ൽ അയച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ട്.

MR. P. K. KRISHNAN SASTRI : ആരെയെല്ലാം ?

HON'BLE MR. T. K. NARAYANA PILLAI : അതു ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല. ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നു രണ്ടുപേരെയും സിറാമിക്സ് ഫാക്ടറിയിൽനിന്നു രണ്ടുപേരെയും അയച്ചിട്ടുണ്ട്. മറ്റു ഡിപ്പാർട്ടുമെന്റുകളിൽനിന്നും അയച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഫെർവ്-ലേതാണ്ട് ചോദിച്ചതു്. അതുകൊണ്ടു് ഫെർവ്വലേതു വരുമെന്നുദ്ദേശിച്ചില്ല.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായങ്ങളിലെ അംഗങ്ങളെ ആരെയെങ്കിലും അയച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അവരെ അയക്കരുതെന്നു ഗവണ്മെന്റിനു നിർബന്ധമൊന്നുമില്ല. ഉപരിപഠനത്തിനു അയക്കത്തക്ക പരീക്ഷായോഗ്യതയുണ്ടെങ്കിൽ അവക്കു മുൻഗണന നൽകുകയും ചെയ്യാം.

MR. P. K. KRISHNAN SASTRI : സാങ്കേതികപരിശീലനത്തിനായിട്ടു അവരെ അയക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly